**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **06-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതിക്കായി നിർമ്മാണ സാമഗ്രി വിതരണം ചെയ്തവർക്കുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി റോഡ്, കലുങ്ക്, കിണർ മുതലായ ആസ്തികളുടെ നിർമ്മാണത്തിന് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്തവർക്ക് ലക്ഷങ്ങൾ കുടിശ്ശികയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അതുമൂലം മേൽപരാമർശിച്ച ആസ്തികളുടെ നിർമ്മാണം പ്രതിസന്ധിയിലായത് ഗൗരവത്തിലെടുക്കുമോ; | (ബി) | കേന്ദ്രസർക്കാരിൽ നിന്നും മെറ്റീരിയൽ ഫണ്ട് യഥാസമയത്ത് ലഭ്യമാകാത്തത് ഗൗരവത്തോടെ കാണുകയും ടി തുക ലഭിക്കുന്നതിനാവശ്യമായ കത്തിടപാടുകളും നിരന്തരം അന്വേഷണം നടത്തുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് 27.06.2022 ന് 583.42 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നിർമ്മാണ സാമഗ്രികളുടെ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും വിതരണം ചെയ്ത് പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | 02.11.2020-ലെ 2056/2020/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻകൂർ ആയി ദുർബല വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മെറ്റീരിയൽ തുക വിതരണം നടത്താൻ കഴിയും. പിന്നീട് കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് ടി തുക റീ-ക്ലൂപ്പ് ചെയ്താൽ മതിയാകും. |

സെക്ഷൻ ഓഫീസർ